**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2699** **02-08-2021 - ൽ മറുപടിയ്ക്ക്**

**ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം മുഴുവൻ ബാധകമാക്കുന്ന രീതിയിൽ ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12.02.2020-ലെ സ.ഉ.(സാധാ) നം. 552/20/റവ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ.ഉ.(സാധാ) നം.552/2020/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി യുണീക് തണ്ടപ്പേരിന്റെ Key Identifier ആയി ആധാർ seed ചെയ്യുന്നതിനായി യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ഐ.റ്റി. മിഷനുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ആധാർ Sub AUA (Sub Authenticating Agency) ആയി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനുള്ള അപേക്ഷയും അണ്ടർടേക്കിംഗും ഐ.റ്റി. മിഷൻ മുഖേന UIDAI യ്ക്ക് അയച്ചിട്ടുണ്ട്. ടി അനുമതി ലഭ്യമായാൽ ഉടൻ ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ് വെയർ അപ്ഡേഷൻ ചെയ്യുന്നതിന് NICയുടെ സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ